ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി അങ്കോള പ്രസിഡൻറുമായി ഇന്ന് ന്യൂഡൽഹിയിൽ പ്രതിനിധിതല ചർച്ച നടത്തും.

**Prime Minister Narendra Modi will hold delegation level talks with President of Angola, Joao Manuel Gonçalves Lourenço in New Delhi today.**

2) മുംബൈയിൽ നടക്കുന്ന വേവ്സ് ഉച്ചകോടിയുടെ മൂന്നാം ദിവസമായ ഇന്ന് കമ്മ്യൂണിറ്റി റേഡിയോ ദേശീയ സമ്മേളനം നടക്കും.

**The National Sammelan on Community Radio will be held on the third day of the on-going World Audio Visual and Entertainment Summit (WAVES) 2025 in Mumbai today.**

3) രാജ്യത്തെ, ലഹരിമുക്തമാക്കാനുള്ള തീവ്രശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

**Union Home Minister Amit Shah has said that the Union government is making intensive efforts to build a drug-free nation.**

4) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ പൊട്ടിത്തെറിയും പുകയും ഉണ്ടായ സംഭവത്തിൽ അന്വേഷണത്തിന് ഉത്തരവിട്ട് ആരോഗ്യമന്ത്രി വീണാ ജോർജ്.

Health Minister Veena George has ordered an investigation into the explosion and smoke incident in the emergency department of Kozhikode Medical College Hospital.

5) മാധ്യമ സ്വാതന്ത്ര്യത്തിനുമേൽ നിർമിതബുദ്ധിയുടെ സ്വാധീനം എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക പത്ര സ്വാതന്ത്ര്യ ദിനം.

Today marks World Press Freedom Day, with the theme: The impact of artificial intelligence on media freedom.

6) ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ, ഗുജറാത്ത് ടൈറ്റൻസിന് 38 റൺ ജയം.

Gujarat Titans beat Sunrisers Hyderabad by 38 runs in IPL cricket.

&&&&&&&&&&&&&&&&&&

## PM MODI-ANGOLA PREZ VISIT(INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ അങ്കോള പ്രസിഡന്റ് ജോവോ മാനുവേൽ ഗോൺസാൽവസ് ലോറെൻസോയുമായി പ്രതിനിധിതല ചർച്ച നടത്തും. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി അംഗോള പ്രസിഡന്റ് ഇന്നലെയാണ് ന്യൂഡൽഹിയിലെത്തിയത്. വിശദാംശങ്ങളിലേക്ക്.........

(വോയിസ്)

&&&&&&&&&&&&&&&&&&

## PM MODI-ANGOLA PREZ VISIT (VO)

പ്രസിഡന്റ് ലോറെൻസോയ്ക്ക് ഇന്ന് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകും. 38 വർഷങ്ങൾക്ക് ശേഷമാണ് ഒരു അംഗോള പ്രസിഡന്റ് ഇന്ത്യ സന്ദർശിക്കുന്നത്. ഇരുരാജ്യങ്ങളും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിച്ചതിൻറെ 40-

൦൦൦ം വാർഷികം ആഘോഷിക്കുന്ന വേളയിൽ, നിക്ഷേപ- വാണിജ്യ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളെ ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ പ്രസിഡന്റ് ലോറൻസോ പങ്കെടുക്കും. ഇന്ത്യയും അംഗോളയും വർഷങ്ങളായി ഊഷ്മളവും സൗഹാർദപരവുമായ ബന്ധം പുലർത്തുകയാണെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു. 2023-2024 കാലയളവിൽ ഉഭയകക്ഷി വ്യാപാരം 4.192 ബില്യൺ ഡോളറിലെത്തി. ഐക്യരാഷ്ട്രസഭയിൽ ഉൾപ്പെടെ വിവിധ ബഹുരാഷ്ട്ര വേദികളിൽ ഇരു രാജ്യങ്ങളും പരസ്പരം പിന്തുണയ്ക്കുന്നുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## AMIT SHAH – DRUGS

രാജ്യത്തെ ലഹരിമുക്തമാക്കാനുള്ള തീവ്രശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. നാലു മാസം നീണ്ട ശ്രമത്തിലൂടെ നാല് സംസ്ഥാനങ്ങളിൽ നിന്നായി 547 കോടി രൂപയുടെ ലഹരി, നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ പിടിച്ചെടുത്തതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## WAVES SUMMIT – ASHWINI (INTRO)

വേവ്സ് ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിച്ച Create in India Challenge സീസൺ 1-ന് മുംബൈയിൽ സമാപനം.

**( WAVES MUSIC)**

അനിമേഷൻ, ഗെയിമിങ്, നിർമിത ബുദ്ധി ഉപയോഗിച്ചുള്ള ചലച്ചിത്ര നിർമാണം തുടങ്ങിയ മേഖലകളിലെ 32 വിജയികളെ പരിപാടിയിൽ

ആദരിച്ചു. സർഗാത്മതയ്ക്കുള്ള അംഗീകാരമാണ് ഈ പരിപാടിയെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയിസ്)

60 രാജ്യങ്ങളിൽ നിന്നുള്ള 1,100 മത്സരാർത്ഥികൾ ഉൾപ്പെടെ ഒരു ലക്ഷത്തിലധികം പേരാണ് Create in India Challenge സീസൺ 1ന് രജിസ്റ്റർ ചെയ്തു്.

&&&&&&&&&&&&&&&&&&

## WAVES L MURUGAN

WAVES ഉച്ചകോടിയിൽ Live Events Economy: A Strategic Growth Imperative എന്ന പേരിലുള്ള ഇന്ത്യയുടെ ധവളപത്രം കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ ഇന്ന് പുറത്തിറക്കും. ലൈവ് എൻറർടൈൻമെൻറ് വ്യവസായത്തിൻറെ വളർച്ചാ പാതകൾ,തന്ത്രപരമായ ശുപാർശകൾ എന്നിവയുടെ സമഗ്രമായ വിശകലനമാണ് ധവളപത്രത്തിലുള്ളത്.

&&&&&&&&&&&&&&&&&&

## WAVES-HANDBOOK

WAVES 2025-ൽ, കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം, "ലീഗൽ കറൻറ്സ്: 2025-ലെ ഇന്ത്യൻ മാധ്യമ-വിനോദ മേഖലയിലെ നിയന്ത്രണ ചട്ടക്കൂടുകളുടെ കൈപ്പുസ്തകം" ഇന്ന് പുറത്തിറക്കും. മാധ്യമ, വിനോദ മേഖലയെക്കുറിച്ചുള്ള ആധികാരികവും സമഗ്രവുമായ വിവരങ്ങളുടെ ആവശ്യകതയുടെ ഭാഗമായാണിത്.

&&&&&&&&&&&&&&&&&&

## WAVES SUMMIT-COMMUNITY RADIO

മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ - ശ്രവ്യ ഉച്ചകോടിയുടെ മൂന്നാം ദിവസമായ ഇന്ന് കമ്മ്യൂണിറ്റി റേഡിയോ ദേശീയ സമ്മേളനം നടക്കും. നയങ്ങൾ, ഏറ്റവും പുതിയ ട്രെൻഡുകൾ, കമ്മ്യൂണിറ്റി റേഡിയോകൾ ശക്തിപ്പെടുത്തേണ്ടതിൻറെ ആവശ്യകത തുടങ്ങിയവ ചർച്ചയാകും. കമ്മ്യൂണിറ്റി റേഡിയോയിൽ പ്രവർത്തിക്കുന്നവർക്ക് അനുഭവങ്ങൾ പങ്കുവെക്കുന്നതിനുള്ള വേദി കൂടിയാകും ഈ പരിപാടി. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷനുമായി ചേർന്നാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

( **WAVES MUSIC ENDS**)

**&&&&&&&&&&&&&&&&&&**

## INDIA EXPORTS -GROWTH

2024-25 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ മൊത്തം കയറ്റുമതി എക്കാലത്തെയും ഉയർന്ന നിരക്കായ 824.9 ബില്യൺ ഡോളറിലെത്തിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. മുൻ വർഷത്തെക്കാൾ 6.01 ശതമാനം വളർച്ചയാണ് ഇതെന്ന് റിസർവ് ബാങ്ക് പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. സേവന കയറ്റുമതിയാണ് ഈ കുതിച്ചുചാട്ടത്തിന് കാരണമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

**&&&&&&&&&&&&&&&&&&**

## NATIONAL SARAS MELA

കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളക്ക് കോഴിക്കോട് ബീച്ചിൽ തുടക്കമായി. ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. 15 സംസ്ഥാനങ്ങളിൽ നിന്നുള്ള ആയിരത്തിലേറെ സംരംഭകർ പങ്കെടുക്കും. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രുചിവൈവിധ്യങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷ്യമേള, ഗ്രാമീണ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേള, സാംസ്കാരിക പരിപാടികൾ തുടങ്ങിയവയും ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## KOZHIKODE (INTRO)

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ പൊട്ടിത്തെറിയും പുകയും ഉണ്ടായ സംഭവത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജ്ജ് അന്വേഷണത്തിന് ഉത്തരവിട്ടു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കാണ് അന്വേഷണ ചുമതല. ഇന്നലെ രാത്രി നടന്ന സംഭവം, ഇലക്ട്രിക്കൽ ഫയർ ആണെന്നാണ് നിഗമനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു...**
**(വോയിസ്)**

&&&&&&&&&&&&&&&&&&

## PRESS FREEDOM DAY

ഇന്ന് ലോക പത്ര സ്വാതന്ത്ര്യ ദിനം. മാധ്യമ സ്വാതന്ത്ര്യത്തിനുമേൽ നിർമിതബുദ്ധിയുടെ സ്വാധീനം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം

&&&&&&&&&&&&&&&&&&

## PREZ MEDIATION

ആദ്യ ദേശീയ മധ്യസ്ഥ സമ്മേളനം, രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്‌വാൾ എന്നിവരും സമ്മേളനത്തെ അഭിസംബോധന ചെയ്യും. നിയമ മന്ത്രാലയവുമായി സഹകരിച്ച് ഇന്ത്യൻ അറ്റോർണി ജനറലിന്റെ ഓഫീസാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ 38 റൺസിന് പരാജയപ്പെടുത്തി. ബാറ്റിംഗിന് ഇറങ്ങിയ ഗുജറാത്ത് നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 224 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ സൺറൈസേഴ്സ് ഹൈദരാബാദിന് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 186 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

ഇന്ന് രാത്രി 07:30 ന് , ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ ആരംഭിക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

&&&&&&&&&&&&&&&&&&

## INDIA - DENMARK

ഇന്ത്യയും ഡെന്മാർക്കും തമ്മിലുള്ള ഊർജ സഹകരണം തുടരുന്നതിനുള്ള ധാരണാപത്രം പുതുക്കി. 2070 ഓടെ കാർബൺ ബഹിർഗമനം പൂർണമായും ഇല്ലാതാക്കുക എന്ന ഇന്ത്യയുടെ ലക്ഷ്യത്തെ പിന്തുണയ്ക്കുന്നതാണ് പുതിയ ധാരണാപത്രം. സുസ്ഥിര ഊർജ മേഖലയിൽ സാങ്കേതിക വിദ്യയുടെ സഹായം കൂടി ഉൾക്കൊള്ളിക്കാനും ധാരണാപത്രം ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&&&

## LOC FIRING

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ ഇന്നലെ രാത്രി പാകിസ്ഥാൻ സൈന്യം നടത്തിയ വെടിവയ്പ്പിന് തിരിച്ചടി നൽകി ഇന്ത്യ സേന. ജമ്മു കശ്മീരിലെ കുപ്വാര, ഉറി, അഖ്നൂർ പ്രദേശങ്ങളിലെ നിയന്ത്രണ രേഖയ്ക്ക് സമീപമാണ് പാകിസ്ഥാൻ സൈന്യം പ്രകോപനമില്ലാതെ വെടിവച്ചത്. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAIN

കേരളത്തിൽ വീണ്ടും മഴ ശക്തിപ്രാപിക്കുന്നു. വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്നലെ സംസ്ഥാനത്ത് ഉടനീളം പെയ്ത കനത്ത മഴയിൽ തിരുവനന്തപുരം ഉൾപ്പെടെ വിവിധ ജില്ലകളിൽ പലയിടങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടു.

&&&&&&&&&&&&&&&&&&

## VEENA GEORGE

കേരളത്തിൽ, ഡെങ്കിപ്പനി, എലിപ്പനി, ജലജന്യ രോഗങ്ങൾ എന്നിവ വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിൻറെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഈ മാസം 15 നകം മൈക്രോ പ്ലാൻ തയ്യാറാക്കണമെന്നും പേവിഷബാധ ക്കെതിരെയുള്ള പ്രതിരോധ വാക്സിനുകളുടെ ഗുണഫലവും ലഭ്യതയും എല്ലായിടത്തും ഉറപ്പാക്കണമെന്നും ശ്രീമതി വീണാ ജോർജ് നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## BIHAR-KHELO INDIA GAMES

ഖേലോ ഇന്ത്യ ഏഴാം പതിപ്പിന് ബിഹാറിലെ പട്നയിൽ നാളെ തുടക്കമാകും. ആറ് നഗരങ്ങളിലായാണ് മത്സര വേദികൾ ഒരുക്കിയിരിക്കുന്നത്. ഉദ്ഘാടന ചടങ്ങിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി സംഘാടകർ അറിയിച്ചു. ഈ മാസം 15 വരെ നടക്കുന്ന ഖേലോ ഇന്ത്യയിൽ 28 ഇനങ്ങളിലായാണ് മത്സരങ്ങൾ നടക്കുന്നത്.

&&&&&&&&&&&&&&&&&&

## DEBENTURE

സംസ്ഥാനത്തിൻറെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം മെയ് ആറിന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&